# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:11.10.2025**

### പ്രധാനവാർത്തകൾ

1. കഴിഞ്ഞ 11വർഷം കൊണ്ട് രാജ്യത്തെ കാർഷിക മേഖലയിൽ സമൂല മാറ്റം വന്നതായും ഈ കാലയളവിൽ ഇന്ത്യയുടെ കാർഷിക കയറ്റുമതി ഇരട്ടി ആയതായും പ്രധാനമന്ത്രി നരേന്ദ്രമോദി.

2. പോളിയോ നിർമ്മാർജനം ലക്ഷ്യമിട്ടുള്ള പൾസ് പോളിയോ പ്രതിരോധയജ്ഞത്തിന് രാജ്യത്ത് നാളെ തുടക്കം. സംസ്ഥാനതല ഉദ്ഘാടനം പത്തനംതിട്ടയിൽ മന്ത്രി വീണാ ജോർജ്ജ് നിർവഹിക്കും.

3. സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസന രംഗത്തെ നിർണായക ചുവടുവെപ്പാണ് വാട്ടർ മെട്രോയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

4. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് ജോലിക്കായി പോയ പ്രൊഫഷണലുകൾ കേരളത്തിലേക്ക് മടങ്ങുന്നത് സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയുടെ വ്യക്തമായ സൂചനയെന്ന് വ്യവസായ മന്ത്രി പി രാജീവ്.

5. സംസ്ഥാനത്ത് വരും ദിവസങ്ങളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര

RNU TVPM

കാലാവസ്ഥാവകുപ്പ്, ഇന്നും നാളെയും കേരള ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

6. സംസ്ഥാന വിനോദസഞ്ചാര വകുപ്പ് ചാലിയാർ പുഴയിൽ സംഘടിപ്പിക്കുന്ന മൂന്നാമത് ചാമ്പ്യൻസ് ബോട്ട് ലീഗ് മത്സരങ്ങൾക്ക് നാളെ തുടക്കം.

*******************

## പിഎം-ധൻ ധാന്യ യോജന

കഴിഞ്ഞ 11വർഷം കൊണ്ട് രാജ്യത്തെ കാർഷിക മേഖലയിൽ സമൂല മാറ്റങ്ങൾ കൊണ്ടു വരാൻ കഴിഞ്ഞതായും ഈ കാലയളവിൽ ഇന്ത്യയുടെ കാർഷിക കയറ്റുമതി ഇരട്ടി ആയതായും പ്രധാനമന്ത്രി നരേന്ദ്രമോദി. കാർഷിക മേഖലയിലെ സുപ്രധാന പദ്ധതികളായ പിഎം ധൻ ധാന്യ യോജനയ്ക്കും, പയറുവർഗ്ഗ സ്വാശ്രയ ദൗത്യത്തിനും ന്യൂഡൽഹിയിൽ തുടക്കം കുറിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഈ രണ്ടു പദ്ധതികളും രാജ്യത്തെ കർഷകരുടെ ഭാവി മാറ്റി മറിക്കുമെന്ന് അദ്ദേഹം പറഞ്ഞു. കാർഷിക, അനുബന്ധ മേഖലകളിലായി 42,000 കോടി രൂപയിലധികം വരുന്ന വിവിധ പദ്ധതികളാണ് പ്രധാനമന്ത്രി രാഷ്ട്രത്തിന് സമർപ്പിച്ചത്.

*******************

## പൾസ് പോളിയോ -പത്തനംതിട്ട(ഇൻട്രോ)

പോളിയോ നിർമ്മാർജനം ലക്ഷ്യമിട്ടുള്ള പൾസ് പോളിയോ പ്രതിരോധയജ്ഞം നാളെ രാജ്യമെമ്പാടും നടക്കും. സംസ്ഥാനത്ത് ഇടുക്കി ഒഴികെയുള്ള 13 ജില്ലകളിൽ അഞ്ച് വയസുവരെയുള്ള കുഞ്ഞുങ്ങൾക്ക് നാളെ പോളിയോ തുള്ളിമരുന്ന് നൽകും. 22,383 പോളിയോ ബൂത്തുകൾ വഴി, 21 ലക്ഷത്തി 11 ആയിരത്തി 10 കുഞ്ഞുങ്ങൾക്ക് തുള്ളിമരുന്ന് നൽകുന്ന പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം നാളെ രാവിലെ 10 നു പത്തനംതിട്ട കോഴഞ്ചേരി ഗവണ്മെന്റ് ഹൈ

PRU TVPM

സ്കൂളിൽ മന്ത്രി വീണാ ജോർജ് നിർവഹിക്കും. പത്തനംതിട്ട ജില്ലയിൽ മാത്രം 52901 കുഞ്ഞുങ്ങൾക്ക് മരുന്നു നൽകും. കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ്. ശ്രീധർ.
(വോയ്സ്)

*******************

## കൊച്ചി മെട്രോ - മുഖ്യമന്ത്രി

കേരളത്തിൻ്റെ അടിസ്ഥാന സൗകര്യ വികസന രംഗത്തെ നിർണായക ചുവടുവെപ്പാണ് വാട്ടർ മെട്രോയെന്ന് പിണറായി വിജയൻ. കൊച്ചി വാട്ടർ മെട്രോയുടെ പുതുതായി നിർമ്മാണം പൂർത്തിയാക്കിയ രണ്ട് ടെർമിനലുകൾ നാടിന് സമർപ്പിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. മട്ടാഞ്ചേരിയിലേക്ക് വാട്ടർ മെട്രോ എത്തുന്നതോടെ പശ്ചിമകൊച്ചിയുടെ മുഖച്ഛായ മാറ്റുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. മട്ടാഞ്ചേരി, വില്ലിംഗ്ടൺ ഐലന്റ് ടെർമിനലുകളാണ് ഉദ്ഘാടനം ചെയ്തത്. 38 കോടി രൂപ ചെലവിലാണ് നിർമ്മാണം പൂർത്തിയാക്കിയത്.

*******************

## മുഖ്യമന്ത്രി -പോലീസ്

ക്രമസമാധാന പാലനം, ശാസ്ത്രീയ കുറ്റാന്വേഷണം, സൈബർ കുറ്റകൃത്യങ്ങൾ തടയൽ എന്നിവയിൽ രാജ്യത്തിന് മാതൃകയാണ് കേരള പോലീസെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. തൃശ്ശൂരിലെ കേരള പോലീസ് അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ 31 -സി ബാച്ചിലെ 104 സബ് ഇൻസ്പെക്ടർമാരുടെ പാസിംഗ് ഔട്ട് പരേഡിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പരിശീലന കാലയളവിൽ വിവിധ മേഖലകളിൽ മികവു തെളിയിച്ചവർക്കുള്ള പുരസ്കാര വിതരണം മുഖ്യമന്ത്രി നിർവഹിച്ചു.

*******************

## രാജീവ് -സൈബർ സുരക്ഷാ ഉച്ചകോടി

ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് ജോലിക്കായി പോയ പ്രൊഫഷണലുകൾ

കേരളത്തിലേക്ക് മടങ്ങുന്നത് സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയുടെയും തൊഴിൽ-ബിസിനസ് സാധ്യതകളുടെയും വ്യക്തമായ സൂചനയാണെന്ന് വ്യവസായ മന്ത്രി പി. രാജീവ്. ഉയർന്ന നിലവാരമുള്ള തൊഴിലവസരങ്ങൾ ഇവിടെ വർധിക്കുന്നു എന്നതിന്റെ തെളിവാണ് ഇതെന്നും മന്ത്രി പറഞ്ഞു.

എഫ് -9 ഇൻഫോടെക് സംഘടിപ്പിച്ച കേരള സൈബർ സുരക്ഷാ ഉച്ചകോടി 2025 ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. 2025-ൻറെ ആദ്യ ഏഴ് മാസത്തിനുള്ളിൽ 40,000 പ്രൊഫഷണലുകളാണ് കേരളത്തിലേക്ക് തിരിച്ചെത്തിയതെന്നും മന്ത്രി വ്യക്തമാക്കി.

*******************

## <u>മന്ത്രി വി ശിവൻകുട്ടി - സുരക്ഷിതം 3.0</u>

നിക്ഷേപങ്ങൾക്ക് ഏറ്റവും അനുയോജ്യ ഇടമായി കേരളം മാറിയെന്നും രാജ്യത്തിന്റെ വ്യാവസായിക പുരോഗതിക്ക് നിർണായക സംഭാവനകൾ നൽകാൻ സംസ്ഥാനത്തിന് സാധിക്കുന്നുവെന്നും തൊഴിൽ മന്ത്രി വി ശിവൻകുട്ടി . കേരളത്തിലെ ഫാക്ടറി തൊഴിലാളികളുടെ തൊഴിൽ സുരക്ഷിതത്വവും ആരോഗ്യവും ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച വിഷൻ 2031 ന്റെ ഭാഗമായി ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ്, സംഘടിപ്പിച്ച മൂന്നാമത് രാജ്യാന്തര കോൺക്ലേവ് സുരക്ഷിതം 3.0 കാക്കനാട് കിൻഫ്ര കൺവെൻഷൻ സെന്ററിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. 2031-ഓടെ കേരളത്തിലെ ഫാക്ടറികളിൽ തൊഴിൽ അപകടങ്ങൾ പൂർണമായും ഇല്ലാതാക്കുക എന്നതാണ് കോൺക്ലേവിൻ്റെ ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു.

RNU TVPM

*******************

## <u>ശബരിമല സ്വർണ്ണ കൊള്ള- കോൺഗ്രസ് ബി ജെ പി</u>

ശബരിമല സ്വർണ കൊള്ള വിഷയത്തിൽ ജനകീയ പ്രതിഷേധം നേരിടാൻ പിണറായി സർക്കാരിന് ആർജവമില്ലെന്ന് മുതിർന്ന ബി ജെ പി നേതാവും മുൻ കേന്ദ്രസഹമന്ത്രിയുമായ വി

മുരളീധരൻ. ക്ഷേത്ര കൊള്ളയ്ക്ക് പിന്നിൽ ആരായാലും അവരെ വെളിച്ചത്തു കൊണ്ടും വരെ പ്രക്ഷോഭം തുടരുമെന്നും അദ്ദേഹം തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പ്രതികരിച്ചു. ഏറ്റുമാനൂരിൽ ദേവസം മന്ത്രിയുടെ ഓഫീസിലേക്ക് ബിജെപി മാർച്ച് നടത്തി. ശബരിമല സ്വർണ്ണ കൊള്ള വിഷയത്തിൽ ആചാരങ്ങൾ സംരക്ഷിക്കണമെന്നും പ്രതികളെ പിടികൂടണമെന്നും ആവശ്യപ്പെട്ട് കോൺഗ്രസ് മേഖലാ ജാഥകൾ ഈ മാസം 14ന് തുടങ്ങുമെന്ന് കെ പി സി സി അറിയിച്ചു. 14ന് ആരംഭിക്കുന്ന ജാഥകൾ 18ന് പന്തളത്ത് സമാപിക്കും.

*******************

## സമുദ്രകൃഷി ഉൽപാദനം

രാജ്യത്തെ സമുദ്രകൃഷി ഉൽപാദനം നിലവിലെ ഒന്നര ലക്ഷം ടണ്ണിൽ നിന്നും 2047 ഓടെ 25 ലക്ഷം ടണ്ണായി ഉയർത്താൻ ലക്ഷ്യമിട്ട് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ). ഇന്ത്യയുടെ സമുദ്രമത്സ്യ മേഖലയിലെ അടുത്ത ഏറ്റവും വലിയ മുന്നേറ്റം സമുദ്രകൃഷിയായിരിക്കുമെന്നും ഈ രംഗത്ത് മികച്ച സാധ്യതയാണ് ഇന്ത്യക്കുള്ളതെന്നും സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് പറഞ്ഞു. സമുദ്രമത്സ്യകൃഷിയിലെ മറ്റൊരു പ്രധാന ഘടകമായ കടൽപ്പായൽ കൃഷിയിൽ രാജ്യത്തിന് വലിയ സാധ്യതകളുണ്ട്. ആഗോളതലത്തിൽ കടൽപ്പായൽ ഉത്പാദനം മൂന്നര കോടി ടണ്ണാണ്. കുറഞ്ഞത് 50 ലക്ഷം ടൺ കടൽപ്പായലെങ്കിലും ആഭ്യന്തരമായി ഉൽപാദിപ്പിക്കാൻ രാജ്യത്തിന് കഴിയുമെന്നും അദേഹം അഭിപ്രായപ്പെട്ടു .

*******************

## എ.കെ. ശശീന്ദ്രൻ. മണിയാറൻകുടി

സംസ്ഥാന സർക്കാർ എന്നും മലയോര ജനതയോടൊപ്പമാണെന്ന് വനംമന്ത്രി എ.കെ. ശശീന്ദ്രൻ. മണിയാറൻകുടിയിൽ സംഘടിപ്പിച്ച മണിയാറൻകുടി - ഉടുമ്പന്നൂർ റോഡിന്റെ നിർമ്മാണ ഉദ്ഘാടനം ഓൺലൈനായി നിർവഹിക്കുകയായിരുന്നു മന്ത്രി. ദുരിതങ്ങളും പ്രയാസങ്ങളും

RNU TVPM

അനുഭവിക്കുന്ന ഘട്ടങ്ങളിലെല്ലാം കർഷക സമൂഹത്തോടൊപ്പമാണ് സർക്കാർ നിന്നിട്ടുള്ളതെന്നും കർഷക താൽപ്പര്യം സംരക്ഷിക്കുന്നതിനുള്ള രണ്ട് നിയമനിർമ്മാണം ഈ നിയമസഭാ സമ്മേളനത്തിലുണ്ടായിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

*******************

## കാസർഗോഡ് (മയ്യളപാലം) ഇൻട്രോ

കാസർഗോഡ് ദേലമ്പാടി ഗ്രാമപഞ്ചായത്തിലെ സാലത്തടുക്കാമയ്യള വി.സി.ബി കം ബ്രിഡ്ജിൻറെ പുനർനിർമ്മാണച്ചിന് കാസർഗോഡ് വികസന പാക്കേജിൽ നിന്ന് രണ്ടര കോടിയുടെ ഭരണാനുമതി ലഭിച്ചു. കേരളത്തെ അയൽസംസ്ഥാനമായ കർണാടകവുമായി ബന്ധിപ്പിക്കുന്ന പാലമാണ് മയ്യളപാലം. എത്രയും പെട്ടെന്ന് പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള ഇടപെടൽ നടത്തുമെന്ന് അഡ്വ. സിഎച്ച് കുഞ്ഞമ്പു എംഎൽഎ പറഞ്ഞു.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർഗോഡ് ജില്ലാ പ്രതിനിധി പി. ജഗന്നിവാസൻ.
(വോയ്സ്)

RNU TVPM

*******************

## മഴ

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് . ഇടുക്കി, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയും, പത്തനംതിട്ട, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചു. കേരള തീരത്തും ലക്ഷദ്വീപിലും മത്സ്യത്തൊഴിലാളികൾ ഇന്നും നാളെയും കടലിൽ പോകരുതെന്ന് മുന്നറിയിപ്പ്.

*******************

## ചാമ്പ്യൻസ് ബോട്ട് ലീഗ് - ഇൻട്രോ

സംസ്ഥാന വിനോദസഞ്ചാര വകുപ്പ് ചാലിയാർ പുഴയിൽ സംഘടിപ്പിക്കുന്ന മൂന്നാമത് ചാമ്പ്യൻസ് ബോട്ട്

ലീഗ് മത്സരങ്ങൾ നാളെ ഉച്ചയ്ക്ക് മന്ത്രി പി എ മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും. ചുരുളൻ വള്ളങ്ങളെ ഉൾപ്പെടുത്തികൊണ്ടുള്ള സിബിഎൽ മത്സരങ്ങൾ ചാലിയാർ പുഴയിൽ ഫറോക്ക് പുതിയ പാലത്തിനും പഴയ പാലത്തിനും ഇടയിലാണ് നടക്കുക. വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് പ്രതിനിധി നസീർ ബാബു

(വോയിസ് )

*******************

<u>വഖഫ് -പി.രാജീവ്</u>

മുനമ്പം വഖഫ് ഭൂമി വിഷയത്തിൽ ജസ്റ്റിസ് സി.എൻ. രാമചന്ദ്രൻ നായർ കമ്മീഷൻ ശുപാർശകളിൽ തുടർനടപടി സ്വീകരിക്കുന്നത് ചർച്ച ചെയ്യാൻ മുഖ്യമന്ത്രി തിങ്കളാഴ്ച യോഗം വിളിച്ചു ചേർത്തതായി നിയമ മന്ത്രി പി.രാജീവ് പറഞ്ഞു. കൊച്ചിയിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

*******************

***************

*********

RNU TVPM